# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*

No.01/PR/PIC/PHQ/17 Date : 06.01.2017

## സംസ്ഥാന വ്യാപകമായി ആന്റിപൈറസി സെൽ നടത്തിയ റെയ്ഡിൽ ഒരു വനിത ഉൾപ്പടെ 15 പേർ അറസ്റ്റിൽ

ആന്റിപൈറസി സെൽ സംസ്ഥാനതലത്തിൽ വ്യാജ സിഡി/ഡിവിഡി കണ്ടെത്തുന്നതിന് നടത്തിയ പരിശോധനയിൽ ഒരു വനിത ഉൾപ്പടെ 15 പേർ അറസ്റ്റിലായി. ഇവരിൽ നിന്നും പുതിയ മലയാള സിനിമകളുടെയും അശ്ലീല ചിത്രങ്ങളുടെയും ശേഖരവും ഇവ കോപ്പി ചെയ്യാൻ ഉപയോഗിച്ച കമ്പ്യൂട്ടറുകൾ, എക്സ്റ്റേണൽ ഹാർഡ് ഡിസ്ക്കുകൾ, മെമ്മറി കാർഡുകൾ, പെൻഡ്രൈവുകൾ എന്നിവയും പോലീസ് കണ്ടെടുത്തു.

എറണാകുളം മറൈൻ ഡ്രൈവിനു സമീപം ഗെയിംസ് സിറ്റി ഷോപ്പുടമ മുരുകൻ, അങ്കമാലി മാർക്കറ്റ് റോഡിനു സമീപം എം.എം.എസ് ഷോപ്പുടമ ബുൾബുൾ, കാലടി ജംഗ്ഷൻ സമീപം സാബൂസ് സിഡി/ഡിവിഡി ഷോപ്പുടമ സാബു, മൂവാറ്റുപുഴ ഹണി മൊബൈൽ ഷോപ്പുടമ ഷീജ, കോഴിക്കോട് മാവൂർ റോഡിലുള്ള കോൾ സെന്റർ ഷോപ്പുടമ ബിബിലേഷ്, മാവൂർ റോഡിലുള്ള എസ്.കെ.റ്റി. മൊബൈൽ ഷോപ്പുടമ സജീദ്, കൊയിലാണ്ടി ഷാ മൊബൈൽ ഷോപ്പുടമ മഹേഷ്, കൊയിലാണ്ടി ഗാലക്സി മൊബൈൽ ഷോപ്പുടമ മുഹമ്മദ് ഷാഫി, കാസർഗോഡ് കാഞ്ഞങ്ങാട് മജസ്റിക് കമ്മ്യൂണിക്കേഷൻ ഷോപ്പുടമ അസ്കർ, കാസർഗോഡ് ന്യൂ കെ.എസ്.ആർ.റ്റി.സി സ്റ്റാന്റിനു സമീപം സ്റ്റാർ കമ്യൂണിക്കേഷൻ ഷോപ്പുടമ ജലീൽ, ന്യൂ കെ.എസ്.ആർ.റ്റി.സി സ്റ്റാന്റിനു സമീപം ന്യൂ പൾസ് മൊബൈൽ ഷോപ്പുടമ ഹംസ, കണ്ണൂർ വളപട്ടണത്തിനു സമീപം മൊബൈൽ സ്പോട്ട് ഷോപ്പുടമ ഏബിൾ ജോസ്, പ്രസ് ക്ലബ് റോഡിനു സമീപം താജ് കമ്മ്യൂണിക്കേഷൻ ഷോപ്പുടമ നൗഫൽ, തലശ്ശേരി പൈക്ക് മൊബൈൽ ഷോപ്പുടമ വൈശാഖ്, തിരുവനന്തപുരം ചെങ്കവിള ജംഗ്ഷനു സമീപം മാർക്ക് കമ്മ്യൂണിക്കേഷൻ ഷോപ്പുടമ റെജിൻ എന്നിവരാണ് അറസ്റ്റിലായത്

ആന്റിപൈറസി സെൽ പോലീസ് സൂപ്രണ്ട് പി.ബി.രാജീവിന് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ ആന്റിപൈറസി സെൽ ഡിവൈ.എസ്.പി. എം.ഇക്ബാൽ, ഡിറ്റക്ടീവ് ഇൻസ്പെക്ടർ സുഭാഷ് ചന്ദ്രബാബു, ഡി.എസ്.ഐ.മാരായ ജിംസ്റ്റൽ, രതീഷ്, രൂപേഷ് കുമാർ.ജെ.ആർ, ഗ്രേഡ് എസ്.ഐ. സുരേന്ദ്രൻ സിവിൽ പോലീസ് ഓഫീസർമാരായ സജി, ബെന്നി, അജയൻ, ജലജൻ എന്നിവരും കൂടാതെ വിവിധ ലോക്കൽ പോലീസ് സ്റ്റേഷനിലെ എസ്.എച്ച്.ഒ.മാരും പോലീസുദ്യോഗസ്ഥരും പരിശോധനയിൽ പങ്കെടുത്തു.